**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2428** **21-01-2021 - ൽ മറുപടിയ്ക്ക്**

**വ്യവസായ സംരംഭങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ | | Shri E. P. Jayarajan<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാനത്ത് വ്യവസായ പാർക്കുകളിൽ വ്യവസായ സംരംഭങ്ങൾ തുടങ്ങുവാൻ വേണ്ടി സ്ഥലം ലഭിച്ചവരിൽ പലരും ഇപ്പോൾ ഭൂമിയും കെട്ടിടവും ഒഴിച്ചിട്ടിരിക്കുന്ന കാര്യം പരിശോധിക്കുമോ; ഇത് ജില്ലാ വ്യവസായകേന്ദ്രം മാനേജർമാർ പരിശോധിച്ചിട്ടുണ്ടോ; വിവിധ ജില്ലകളിലെ ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകളിൽ പ്രവർത്തിക്കാത്ത എത്ര പ്ലോട്ടുകൾ ഉണ്ട്; ഇതിന്റെ കണക്ക് ലഭ്യമാക്കുമോ; പ്രവർത്തിക്കാത്ത സ്ഥലങ്ങളിലെ കെട്ടിടങ്ങൾ തിരിച്ചുപിടിക്കാൻ നടപടി സ്വീകരിക്കുമോ; കെട്ടിടങ്ങളും സ്ഥലവും ലഭിച്ചവരിൽ കൃത്യമായ വാടക അടയ്ക്കാത്തവരുടെ വിവരം വ്യവസായവകുപ്പിൽ ലഭ്യമാണോ; | (എ) | സംസ്ഥാനത്തെ വ്യവസായ പാർക്കുകളിൽ വ്യവസായ സംരംഭം തുടങ്ങുവാൻ അനുവദിച്ച സ്ഥലവും കെട്ടിടവും ഒഴിച്ചിടുന്നത് പരിശോധിക്കുന്നുണ്ട്. വ്യവസായ ഭൂമിയിലെ യൂണിറ്റുകളുടെ പ്രവർത്തനങ്ങൾ എസ്റ്റേറ്റ് ഓഫീസർ നേരിട്ട് സന്ദർശിച്ച് വിലയിരുത്തുന്നുണ്ട്. വിവിധ ജില്ലകളിലെ പ്രവർത്തിക്കാത്ത പ്ലോട്ടുകളിലെ കണക്ക് വിവരം അനുബന്ധം 1 ആയി ചേർക്കുന്നു. വ്യവസായ ഭൂമിയിലെ യൂണിറ്റുകളുടെ പ്രവർത്തന സ്ഥിതി എല്ലാ മാസവും കൃത്യമായി എസ്റ്റേറ്റ് ഓഫീസർമാർ പരിശോധിച്ച പ്രതിമാസ റിപ്പോർട്ട് നിശ്ചിത പ്രൊഫോർമയിൽ തയ്യാറാക്കുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ പ്രവർത്തനരഹിതമായ യൂണിറ്റുകളെ പ്രവർത്തനക്ഷമമാക്കുന്നതിന് വേണ്ടി നടപടി സ്വീകരിക്കുകയും അത് സാധ്യമാകാതെ വരുന്ന സാഹചര്യത്തിൽ ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നു. വാടക കുടിശ്ശിക വരുത്തിയിട്ടുള്ളവരുടെ വിവരങ്ങൾ അതത് ജില്ലാ വ്യവസായ കേന്ദ്രങ്ങളിൽ ലഭ്യമാണ്. |
| (ബി) | വിവിധ ജില്ലകളിൽ ഇൻഡസ്ട്രിയൽ പ്ലോട്ടിന് വേണ്ടി അപേക്ഷകൾ സമർപ്പിച്ചവരുടെ കണക്ക് ലഭ്യമാക്കുമോ; ഇവർ സർക്കാരിന് എന്തെങ്കിലും ഫീസ് അടച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (ബി) | വിവിധ ജില്ലകളിൽ ഇൻഡസ്ട്രിയൽ പ്ലോട്ടിനുവേണ്ടി അപേക്ഷകൾ സമർപ്പിച്ചവരുടെ കണക്കും ഇവർ അടച്ചിട്ടുള്ള ഫീസ് സംബന്ധിച്ച വിശദാംശവും അനുബന്ധം-2 ആയി ചേർക്കുന്നു. |
| (സി) | വ്യവസായ ആവശ്യത്തിനായി പ്ലോട്ട് എടുത്തവരിൽ എത്ര പേർക്ക് സ്വന്തം പേരിൽ പട്ടയം ലഭിച്ചിട്ടുണ്ട്; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ; സ്വന്തം പേരിൽ ഭൂമി കൈമാറ്റം ചെയ്യപ്പെട്ടവർ സർക്കാരിന് എന്തെങ്കിലും ഫീസ് അടച്ചിട്ടുണ്ടോ; കണക്ക് ലഭ്യമാക്കുമോ; വസ്തുവിന്റെ വില സർക്കാരിന് നൽകിയിട്ടുണ്ടോ; | (സി) | സംസ്ഥാനത്തെ വിവിധ ജില്ലകളിൽ വ്യവസായ ആവശ്യത്തിന് പ്ലോട്ട് എടുത്തതിൽ സ്വന്തം പേരിൽ പട്ടയം ലഭിച്ചവരുടെ ജില്ലതിരിച്ചുള്ള കണക്കും അവർ സർക്കാരിലേക്ക് ഒടുക്കിയ തുക സംബന്ധിച്ചുള്ള വിവരവും അനുബന്ധം - 3 ആയി ചേർക്കുന്നു. |
| (ഡി) | ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകളിലെ പട്ടികജാതി/ | (ഡി) | വിവിധ ജില്ലകളിലെ വ്യവസായ എസ്റ്റേറ്റുകളിൽ |

| | | | |
|---|---|---|---|
| | പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായി നിർമ്മിച്ചിട്ടുള്ള കെട്ടിടങ്ങളിൽ എത്ര എണ്ണം പ്രവർത്തിക്കുന്നുണ്ട്; പ്രവർത്തിക്കാത്ത കെട്ടിടങ്ങളുടെ എണ്ണം ലഭ്യമാക്കുമോ; പ്രവർത്തിക്കാത്ത കെട്ടിടങ്ങൾ പുതിയ അപേക്ഷകർക്ക് നൽകുവാൻ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | | പട്ടികജാതി/ പട്ടികവർഗ്ഗക്കാർക്കായിട്ടുള്ള ഷെഡ്ഡുകളിൽ പ്രവർത്തിക്കുന്ന യൂണിറ്റു കളുടെയും പ്രവർത്തനരഹിതമായ യൂണിറ്റുകളുടെയും വിശദാംശം അനുബന്ധം - 4 ആയി ചേർക്കുന്നു. പ്രവർത്തിക്കാത്ത കെട്ടിടങ്ങൾ പുതിയ അപേക്ഷകർക്ക് നൽകുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. |
| (ഇ) | പ്ലോട്ടുകളെ സംബന്ധിച്ചും കെട്ടിടങ്ങളെ സംബന്ധിച്ചും 2020 വർഷത്തിൽ എത്ര പരാതി ജില്ല കേന്ദ്രങ്ങളിലെ മാനേജർമാർക്ക് ലഭിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ? | (ഇ) | വ്യവസായ പ്ലോട്ടുകളിലെ കെട്ടിടങ്ങളെ സംബന്ധിച്ച് 2020 വർഷത്തിൽ ലഭിച്ച പരാതികളുടെ ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധം - 5 ആയി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം - I

| ക്രമ നമ്പർ | ജില്ല | പ്രവർത്തിക്കാത്ത പ്ലോട്ടുകൾ |
|---|---|---|
| 1 | തിരുവനന്തപുരം | 21 |
| 2 | കൊല്ലം | 3 |
| 3 | പത്തനംതിട്ട | 2 |
| 4 | ആലപ്പുഴ | 37 |
| 5 | കോട്ടയം | പ്രവർത്തിക്കാത്ത പ്ലോട്ടുകൾ ഇല്ല. |
| 6 | ഇടുക്കി | 2 |
| 7 | എറണാകുളം | 49 |
| 8 | തൃശ്ശൂർ | 20 |
| 9 | പാലക്കാട് | 55 |
| 10 | മലപ്പുറം | 2 |
| 11 | കോഴിക്കോട് | 5 |
| 12 | വയനാട് | ജില്ലയിൽ വ്യവസായ പ്ലോട്ടുകൾ ഇല്ല |
| 13 | കണ്ണൂർ | പ്രവർത്തിക്കാത്ത പ്ലോട്ടുകളില്ല |
| 14 | കാസർഗോഡ് | 25 |

സെക്ഷൻ ഓഫീസർ

അനുബന്ധം - 2

| ക്രമ നമ്പർ | ജില്ല | ലഭിച്ച അപേക്ഷകളുടെ എണ്ണം | അടച്ച ഫീസ് |
|---|---|---|---|
| 1 | തിരുവനന്തപുരം | 55 | EMD ഇനത്തിൽ 1,75,000/- രൂപ അടച്ചു |
| 2 | കൊല്ലം | 8 | കാലാകാലങ്ങളിൽ സർക്കാർ നിശ്ചയിക്കുന്ന ഫീസ് ഒടുക്കിയിട്ടുണ്ട് |
| 3 | പത്തനംതിട്ട | 7 | 35,000/- രൂപ |
| 4 | ആലപ്പുഴ | 50 അപേക്ഷ പെൻഡിംഗ് ഉണ്ട് | ഓരോരുത്തരും 5000/- രൂപ വീതം അടച്ചു |
| 5 | കോട്ടയം | 2 | 10,115/- |
| 6 | ഇടുക്കി | 2 | ലീസ് റൂൾ പ്രകാരമുള്ള ഫീസ് അടച്ചു. |
| 7 | എറണാകുളം | 19 | അപേക്ഷാ ഫീസ് അടച്ചിട്ടുണ്ട്. |
| 8 | തൃശ്ശൂർ | 3 | EMD അടച്ചിട്ടില്ല |
| 9 | പാലക്കാട് | 13 | അപേക്ഷാഫീസ് ഇനത്തിൽ 5,515/- രൂപ അടച്ചു |
| 10 | മലപ്പുറം | 1 | EMD ഇനത്തിൽ 10,000/- രൂപ അടച്ചു |
| 11 | കോഴിക്കോട് | 2019-20 കാലയളവിൽ വ്യവസായ ഭൂമി ഒഴിവില്ലാത്തതിനാൽ അപേക്ഷ ക്ഷണിച്ചിട്ടില്ല | - |
| 12 | വയനാട് | വ്യവസായ ഭൂമി ഇല്ല | |
| 13 | കണ്ണൂർ | 3 | 5,515/- രൂപ വീതം ആകെ 16,545/- രൂപ അടച്ചു. |
| 14 | കാസർഗോഡ് | 3 | EMD ഇനത്തിലെ ഫീസ് അടച്ചിട്ടുണ്ട്. |

(ഒപ്പ്)

സെക്ഷൻ ഓഫീസർ

അനുബന്ധം - 3

| ക്രമ നമ്പർ | ജില്ല | പട്ടയം ലഭിച്ച യൂണിറ്റുകളുടെ എണ്ണം | സർക്കാരിലേക്ക് അടച്ച തുക |
|---|---|---|---|
| 1 | തിരുവനന്തപുരം | 25 | ലാന്റ് അലോട്ട്മെന്റ് റൂൾ പ്രകാരമുള്ള ലാന്റ് വാല്യു ഒടുക്കിയിട്ടുണ്ട് |
| 2 | കൊല്ലം | 27 | പട്ടയം ലഭിക്കുന്നതിനുള്ള ഫീസ് ഒടുക്കിയിട്ടുണ്ട് |
| 3 | പത്തനംതിട്ട | പട്ടയത്തിനുള്ള അപേക്ഷ ലഭിച്ചിട്ടില്ല | - |
| 4 | ആലപ്പുഴ | 32 | കഴിഞ്ഞ 5 വർഷത്തിനുള്ളിൽ 5762579/- രൂപ ഒടുക്കിയിട്ടുണ്ട്. |
| 5 | കോട്ടയം | 2 | 4,06,230/- രൂപ സ്ഥലവിലയായി ഒടുക്കിയിട്ടുണ്ട്. |
| 6 | ഇടുക്കി | ആർക്കും പട്ടയം ലഭിച്ചിട്ടില്ല | - |
| 7 | എറണാകുളം | 65 | ഭൂമി വില ഒടുക്കിയിട്ടുണ്ട് |
| 8 | തൃശ്ശൂർ | 29 | സ്ഥലവില ഒടുക്കിയിട്ടുണ്ട് |
| 9 | പാലക്കാട് | 10 | - |
| 10 | മലപ്പുറം | ആർക്കും പട്ടയം ലഭിച്ചിട്ടില്ല | - |
| 11 | കോഴിക്കോട് | 9 | സ്ഥലവില അടവാക്കിയിട്ടുണ്ട് |
| 12 | കണ്ണൂർ | 3 | സർക്കാരിലേക്ക് തുക അടച്ചിട്ടുണ്ട് |
| 13 | വയനാട് | ജില്ലയിൽ വ്യവസായ ഭൂമി ഇല്ല | - |
| 14 | കാസർഗോഡ് | പട്ടയം ലഭ്യമായിട്ടില്ല | - |

Smitha

സെക്ഷൻ ഓഫീസർ

അനുബന്ധം - 4

| ക്രമ നമ്പർ | ജില്ല | പ്രവർത്തിക്കുന്ന യൂണിറ്റുകൾ | പ്രവർത്തനരഹിതമായ യൂണിറ്റുകൾ |
|---|---|---|---|
| 1 | തിരുവനന്തപുരം | 38 | 8 |
| 2 | കൊല്ലം | 3 | 3 |
| 3 | പത്തനംതിട്ട | 7 | 1 |
| 4 | ആലപ്പുഴ | 3 | 7 |
| 5 | കോട്ടയം | 9 | - |
| 6 | ഇടുക്കി | 2 | 1 |
| 7 | എറണാകുളം | | 21 |
| 8 | തൃശ്ശൂർ | 10 | 3 |
| 9 | പാലക്കാട് | 29 | 8 |
| 10 | മലപ്പുറം | 2 | 2 |
| 11 | കോഴിക്കോട് | SC/ST വിഭാഗക്കാർക്ക് പ്രത്യേക സ്ഥലം അനുവദിച്ചിട്ടില്ല | |
| 12 | കണ്ണൂർ | എല്ലാം പ്രവർത്തിക്കുന്നുണ്ട് | |
| 13 | കാസർഗോഡ് | 15 | 1 |

Smitha

സെക്ഷൻ ഓഫീസർ

അനുബന്ധം - 5

| ക്രമ നമ്പർ | ജില്ല | ലഭിച്ച പരാതികളുടെ എണ്ണം |
|---|---|---|
| 1 | തിരുവനന്തപുരം | 6 |
| 2 | കൊല്ലം | 2 |
| 3 | പത്തനംതിട്ട | പരാതികൾ ലഭിച്ചിട്ടില്ല |
| 4 | ആലപ്പുഴ | 1 |
| 5 | കോട്ടയം | 1 |
| 6 | ഇടുക്കി | പരാതികൾ ലഭിച്ചിട്ടില്ല |
| 7 | എറണാകുളം | 2 |
| 8 | തൃശ്ശൂർ | 2 |
| 9 | പാലക്കാട് | 2 |
| 10 | മലപ്പുറം | പരാതികൾ ലഭിച്ചിട്ടില്ല |
| 11 | കോഴിക്കോട് | പരാതികൾ ലഭിച്ചിട്ടില്ല |
| 12 | വയനാട് | ജില്ലയിൽ വ്യവസായ ഭൂമി ഇല്ല |
| 13 | കണ്ണൂർ | പരാതികൾ ലഭിച്ചിട്ടില്ല |
| 14 | കാസർഗോഡ് | പരാതികൾ ലഭിച്ചിട്ടില്ല |

Smitha

സെക്ഷൻ ഓഫീസർ